# സർവ്വ ശിക്ഷാ അഭിയാൻ കേരളം

## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്

**612**

## ചോദ്യ ബാങ്ക്

ക്ലാസ്സ്: VI                                                                 വിഷയം: മലയാളം

അടിസ്ഥാന പാഠാവലി

**മേഖല:1 - ലഘുഉപന്യാസം**

1. അമ്മ എന്ന കഥയിലെ മിക്ക കഥാപാത്രങ്ങളും മനുഷ്യനന്മ ഉയർത്തിപ്പിടിക്കുന്നവരാണ് - പാൽക്കാരൻ, ടാക്സിഡ്രൈവർ, ഡോക്ടർ...... കേവലം ഉപജീവനമാർഗ്ഗം എന്നതിലുപരിയായി സാമൂഹ്യസേവനത്തിനും ഇവർ തുല്യപ്രാധാന്യം നൽകുന്നുണ്ട്. അശരണയായ ആ അമ്മയെ അവർ സ്വന്തം അമ്മയെപ്പോലെയാണ് കരുതുന്നത്. ഈ വസ്തുതകൾ കൂടി കണക്കിലെടുത്തുകൊണ്ട് സാമൂഹിക നന്മയും വ്യക്തികളും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക. ഉചിതമായ ശീർഷകം തെരഞ്ഞെടുക്കാവുന്നതാണ്.

2.

മദ്യപിച്ച് വാഹനം ഓടിച്ച സ്കൂൾ ബസ് ഡ്രൈവർ അറസ്റ്റിൽ

സ്ക്കൂൾ പരിസരത്ത് വാഹനങ്ങളുടെ അമിതവേഗം: നാട്ടുകാർ റോഡ് ഉപരോധിച്ചു.

കുട്ടികളെ കുത്തിനിറയ്ക്കുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി : ജില്ലാ കളക്ടർ

അനധികൃത പാർക്കിംഗ്: ടൗണിൽ ഗതാഗതക്കുരുക്ക്.

സീബ്രാലൈൻ ബോധവൽക്കരണത്തിന് കുട്ടിപ്പോലീസും

മുകളിൽ കൊടുത്തിരിക്കുന്ന തലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ ! റോഡ് നിയമങ്ങൾ ലംഘിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു. റോഡ് സുരക്ഷയെക്കുറിച്ച് ലഘുഉപന്യാസം തയ്യാറാക്കാമോ?

3.

> ''മക്കളെല്ലാം പഠിച്ച്
> ഉയർന്ന നിലയിലെത്തിയപ്പോൾ
> ഞാൻ ഏറെ സന്തോഷിച്ചു.
> ഇനിയുള്ള ജീവിതം ഏറെ സുഖ
> കരമായിരിക്കും എന്ന് ഞാൻ
> കരുതി. പക്ഷേ, ഇപ്പോൾ അവ
> രെല്ലാം അവരുടെ വഴിക്കായി.....
> പണമുണ്ടാക്കിയിട്ടെന്താ...
> ഈ ഒറ്റപ്പെടൽ
> സഹിക്കാൻ വയ്യ..''

> ''ഞാൻ എല്ലാവർക്കും ഒരു
> ഭാരമാണോ? മകനും
> അവന്റെ ഭാര്യയും എന്നോ
> ടൊന്നും മിണ്ടാറില്ല. പറ
> ഞ്ഞാൽ തന്നെ കുറ്റപ്പെടു
> ത്തലുകൾ മാത്രം. കൊച്ചുമ
> ക്കൾക്കെങ്കിലും എന്നോ
> ടൊന്ന് മിണ്ടിക്കൂടേ?''

ഒറ്റപ്പെടലിന്റെ വേദന ഈ അമ്മമാരുടെ വാക്കുകളിൽ നിന്ന് അറിയുന്നില്ലേ? വൃദ്ധജനങ്ങളോടുള്ള അവഗണന ഇന്ന് സമൂഹത്തിൽ കൂടി വരികയാണ്. നിങ്ങൾ ഈ പ്രശ്നത്തെ എങ്ങനെയാണ് കാണുന്നത്?. നിങ്ങളുടെ കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തി ഒരു ലഘുഉപന്യാസം തയ്യാറാക്കുക.

4. എഴുത്തച്ഛന്റെ ''അദ്ധ്യാത്മ രാമായണം കിളിപ്പാട്ടി''ലെ വികാരനിർഭരമായ ഒരു ഭാഗം നിങ്ങൾ പഠിച്ചല്ലോ? കൗസല്യയും ശ്രീരാമനും തമ്മിലുള്ള സ്നേഹത്തിന്റെ ആഴം നമ്മൾ അനുഭവിച്ചറിഞ്ഞു. മാധവിക്കുട്ടിയുടെ 'അമ്മ' എന്ന കഥയിൽ മക്കൾ സ്നേഹം തിരികെ നൽകുന്നില്ല. കുടുംബം എന്ന സങ്കല്പം ഇവിടെ തകരുകയാണ്. 'സ്നേഹമാണ് കുടുംബത്തിന്റെ അടിസ്ഥാനം' എന്ന വിഷയത്തെ ആസ്പദമാക്കി ലഘുഉപന്യാസം തയ്യാറാക്കുക. നിങ്ങൾ വായിച്ചിട്ടുള്ള സമാനകഥകളും കവിതകളും പ്രയോജനപ്പെടുത്തുമല്ലോ?

5. ശ്രീരാമന്റെ കഥ നിങ്ങൾ പഠിച്ചല്ലോ! അദ്ദേഹത്തിന്റെ ത്യാഗവും സത്യസന്ധതയും ബന്ധുജനങ്ങളോടുള്ള സ്നേഹവും മന:ശക്തിയും മാതൃകാപരമാണ്. ഈ മൂല്യങ്ങൾ ഏതുകാലത്തും മനുഷ്യൻ ഉയർത്തിപ്പിടിക്കേണ്ടവയാണ്. മറ്റനേകം മഹാന്മാരുടെ ജീവിതകഥകളും ഈ തത്വം നമ്മെ ഓർമ്മിപ്പിക്കുന്നു. മൂല്യബോധം ജീവിതത്തിൽ എന്ന വിഷയത്തെ അടിസ്ഥാനമാക്കി ലഘുഉപന്യാസം തയ്യാറാക്കുക.

## മേഖല:1 – പത്രവാർത്ത

1. മാധവിക്കുട്ടിയുടെ 'അമ്മ' എന്ന കഥ വായിച്ചല്ലോ. പാൽക്കാരന്റെയും ടാക്സിഡ്രൈവറുടെയും പ്രവൃത്തി ഇന്നത്തെ സമൂഹത്തിന് ഒരു മാതൃകയാണ്. വർഷംതോറും നിരവധി ജീവൻ റോഡപകടങ്ങളിൽ പൊലിയുന്ന നമ്മുടെ നാട്ടിൽ ഇത്തരം നന്മകൾ ഉയർത്തിക്കാട്ടേണ്ടതാണ്. ഇതിനായി ധർമഗിരി സ്ക്കൂളിലെ റോഡ് സുരക്ഷാ ക്ലബ്ബ് അവരെ ആദരിക്കുന്നതിനായി ഒരു യോഗം സംഘടിപ്പിച്ചു.

**കാര്യപരിപാടി**

**04.08.2011**

**വ്യാഴം** 2 PM

സ്വാഗതം : **മാസ്റ്റർ അഭിനവ്**
കൺവീനർ, റോഡ് സുരക്ഷാ ക്ലബ്ബ്

അദ്ധ്യക്ഷൻ : **ശ്രീ. രമേശ്**
പി.ടി.എ.പ്രസിഡന്റ്

ഉദ്ഘാടനം : **ശ്രീ. ബോബി മാത്യു**
പഞ്ചായത്ത് പ്രസിഡന്റ്

ഉപഹാരസമർപ്പണം : **ശ്രീ. ടോം ജോസ്**
ട്രാഫിക് എസ്.ഐ

ആശംസകൾ:

നന്ദി : **ശ്രീ. രാധാകൃഷ്ണൻ**
ഹെഡ്മാസ്റ്റർ

അടുത്ത ദിവസത്തെ പത്രങ്ങളിൽ നൽകാനായി ഒരു പത്രവാർത്ത തയ്യാറാക്കാമോ?

2. 'അമ്മ' എന്ന കഥ വായിച്ചപ്പോൾ കാണിയങ്കാട് യു.പു.സ്കൂളിലെ കുട്ടികൾക്ക് മാധവിക്കുട്ടിയെക്കുറിച്ച് കൂടുതൽ അറിയാൻ താൽപര്യം തോന്നി. ആഗസ്റ്റ് മാസത്തിലെ വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രധാന പരിപാടിയായി മാധവിക്കുട്ടി അനുസ്മരണം നടത്താനും തീരുമാനിച്ചു. കോളേജ് അദ്ധ്യാപകനും ചിന്തകനുമായ പ്രൊഫ. എം. ശിവരാമൻ ആണ് മുഖ്യപ്രഭാഷണം നടത്തിയത്. അടുത്ത ദിവസത്തെ പത്രത്തിൽ നൽകാൻ ഒരു വാർത്ത തയ്യാറാക്കാമോ? പ്രഭാഷണത്തിലെ പ്രധാന ആശയങ്ങളും വാർത്തയിൽ ഉൾപ്പെടുത്തുമല്ലോ?

3.

## നോട്ടീസ്

പ്രിയരേ,

ലോകമാതൃദിനത്തോടനുബന്ധിച്ച് സായന്തനം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യു.പി/ഹൈസ്ക്കൂൾ വിഭാഗം വിദ്യാർത്ഥികൾക്കായി ഒരു സെമിനാർ സംഘടിപ്പിക്കുന്നു. 16.08.2011 ചൊവ്വാഴ്ച പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവച്ചാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. ഏവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

മരുതോട്, സെക്രട്ടറി പ്രസിഡന്റ്

06.08.2011.

### കാര്യപരിപാടി

9.00 എ.എം : രജിസ്ട്രേഷൻ

9.30 എ.എം : പൊതുയോഗം

അദ്ധ്യക്ഷൻ : പഞ്ചായത്ത് പ്രസിഡന്റ്

സ്വാഗതം : ക്ലബ്ബ് പ്രസിഡന്റ്

ഉദ്ഘാടനം : എം.എൽ.എ

ആശംസകൾ: പഞ്ചായത്ത് അംഗങ്ങൾ

നന്ദി : ക്ലബ്ബ് സെക്രട്ടറി

10.30 എ.എം : സെമിനാർ

മോഡറേറ്റർ : ഡോ.കെ.രമണി

പ്രബന്ധാവതരണം :

ചർച്ച

അറിയിപ്പ്: പ്രബന്ധങ്ങൾ 10.08.2011 നു മുൻപായി ക്ലബ്ബിൽ എത്തിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവരെ വിവരം അറിയിക്കുന്നതാണ്.

വിഷയം

യു.പി വിഭാഗം : അമ്മ കുടുംബത്തിന്റെ വിളക്ക്

ഹൈസ്ക്കൂൾ വിഭാഗം : അമ്മ - ക്ഷമയുടെ പര്യായം

സെമിനാറിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു പത്രവാർത്ത തയ്യാറാക്കുക.

4. പുന്നന്താനം ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ കുട്ടികളുടെ സർഗസൃഷ്ടികൾ ഒരു മാസികയാക്കി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. 'വിശ്വം സ്നേഹമയം' എന്ന യൂണിറ്റുമായി ബന്ധപ്പെട്ട് നടത്തിയ രചനകളാണ് ആദ്യലക്കത്തിൽ ഉൾപ്പെടുത്തിയത്. 'ഉദയം'എന്ന ഈ മാസികയുടെ പ്രകാശനകർമ്മം പുന്നന്താനം യു.പി.സ്ക്കൂളിൽ വച്ച് നടക്കുന്ന വിപുലമായ യോഗത്തിൽ നിർവ്വഹിക്കപ്പെടും. സാഹിത്യ സാംസ്കാരിക നായകന്മാരും ജനപ്രതിനിധികളും പ്രസ്തുത ചടങ്ങിൽ സംബന്ധിക്കും.

ഈ ചടങ്ങ് സംബന്ധിച്ച് അന്നേ ദിവസം പത്രത്തിൽ വരാൻ സാധ്യതയുള്ള വാർത്ത തയ്യാറാക്കുക.

5. വീടുവിട്ടുപോയ ബഷീർ ദീർഘകാലത്തിനു ശേഷം ജന്മനാട്ടിൽ തിരിച്ചെത്തി. അപ്പോഴേക്കും അദ്ദേഹം വൈക്കം മുഹമ്മദ് ബഷീർ എന്ന പേരിൽ പ്രസിദ്ധനായിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ തിരിച്ചു വരവ് തലയോലപ്പറമ്പ് നിവാസികൾക്ക് വലിയ ആവേശമായി. ഇതു സംബന്ധിച്ച വാർത്തകൾ പത്രത്താളുകളിലും പ്രത്യക്ഷപ്പെട്ടു.

ഇത് സംബന്ധിച്ച ഒരു വാർത്ത നിങ്ങൾക്ക് തയ്യാറാക്കാമോ?

**മേഖല: 3 – അനുഭവക്കുറിപ്പ്**

1. നമ്മുടെ ജീവിതത്തിൽ വ്യത്യസ്തങ്ങളായ നിരവധി അനുഭവങ്ങൾ ഉണ്ടാകുമല്ലോ? വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു അനുഭവം നിങ്ങൾ വായിച്ചല്ലോ. നിങ്ങളുടെ ജീവിതത്തിലും ഇത്തരം മറക്കാനാവാത്ത നിരവധി അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാകും. യാത്രയുമായി ബന്ധപ്പെട്ട ഒരു അനുഭവക്കുറിപ്പ് തയ്യാറാക്കൂ.

2. ഹാജർ പുസ്തകം മടക്കിവച്ചുകൊണ്ട് അക്ബർ മാഷ് കുട്ടികളോട് പറഞ്ഞു. "ഞാനിന്ന് സ്ക്കൂളിലേക്ക് വരുന്നവഴി ഒരു കാഴ്ച കണ്ടു. വഴിയരികിൽ അവശനായി കിടക്കുന്ന ഒരു വൃദ്ധൻ. തന്റെ ഭക്ഷണപ്പൊതിയും കുടിവെള്ളവും സന്തോഷത്തോടെ അയാൾക്ക് കൊടുക്കുന്ന ഒരു കുട്ടി. ഇതൊരു സാധാരണ സംഭവമാണെന്ന് നിങ്ങൾക്ക് തോന്നാം. പക്ഷേ ഈ സൽപ്രവൃത്തി ചെയ്തത് നമ്മുടെ ക്ലാസ്സിലെ ഒരു കുട്ടിയാണ്." അവന്റെ പേര് അദ്ധ്യാപകൻ പറഞ്ഞപ്പോൾ ക്ലാസ്സിൽ കരഘോഷം മുഴങ്ങി.

   ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കും ഉണ്ടായിട്ടില്ലേ? ഒരു അനുഭവം കുറിയ്ക്കൂ.

3. പൊട്ടിയ ജനൽച്ചില്ലിലേക്ക് നോക്കിയപ്പോൾ ബാബുവിന് വീണ്ടും കരച്ചിൽ വന്നു. തുടയിലെ തിണിർത്ത പാടുകളിൽ തലോടി അമ്മ എത്ര ആശ്വസിപ്പിച്ചിട്ടും അവന്റെ സങ്കടം മാറിയില്ല. അടുത്ത പറമ്പിൽ ക്രിക്കറ്റ് കളിച്ചവർ ചില്ലു പൊട്ടിച്ചതിനാണല്ലോ അമ്മ എന്നെ ഇങ്ങനെ അടിച്ചത്. ചെയ്യാത്ത കുറ്റത്തിന് ശിക്ഷ ഏറുവാങ്ങിയ ബാബുവിന്റെ സങ്കടം നിങ്ങൾ വായിച്ചല്ലോ?
   സമാനമായ ഒരു അനുഭവം കുറിയ്ക്കുക.

4. "നീയിനി പഴയ കുടയുമായി സ്ക്കൂളിൽ പോയാൽമതി. ഒരു വർഷം ഒരു കുടയിൽ കൂടുതലൊന്നും മേടിച്ചു തരാൻ പറ്റില്ല. കുട്ടികളായാൽ കുറെയൊക്കെ ശ്രദ്ധവേണം. ഞങ്ങളുടെയൊക്കെ ചെറുപ്പകാലത്ത് ഒരു കുടയെങ്കിലും കിട്ടിയാൽ ഭാഗ്യമായിരുന്നു."

മറ്റുള്ളവരുടെ മുൻപിൽ വച്ച് അച്ഛൻ ഇങ്ങനെ പറഞ്ഞപ്പോൾ ഓമനക്കുട്ടന് ജാള്യത തോന്നി. അച്ഛനൊന്ന് പതുക്കെ പറഞ്ഞുകൂടെ..

ഓമനക്കുട്ടന്റെ അവസ്ഥ കണ്ടില്ലേ.... നിങ്ങളുടെ സമാനമായ ഒരു അനുഭവം കുറിയ്ക്കൂ.....

5. അവൾക്ക് ഗീതടീച്ചറിനോട് എന്തെന്നില്ലാത്ത സ്നേഹം തോന്നി. ടീച്ചർ നിർബന്ധിച്ചതു കൊണ്ടാണല്ലോ മത്സരത്തിൽ പങ്കെടുത്തതും ഒന്നാംസ്ഥാനം ലഭിച്ചതും. ഹെഡ്മാസ്റ്ററുടെ കൈയ്യിൽ നിന്നും സമ്മാനം ഏറ്റുവാങ്ങുമ്പോൾ മിനിക്കുട്ടി ചിന്തിച്ചത് ഇതായിരുന്നു. അവളുടെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷമായിരുന്നു അത്.

ഇതുപോലെ നിങ്ങളുടെ ജീവിതത്തിൽ ഉണ്ടായിട്ടുള്ള സന്തോഷകരമായ ഒരു അനുഭവം കുറിയ്ക്കൂ.

## മേഖല: 4 – സർഗ്ഗാത്മകരചന (കഥ)

1. വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ മുതൽ ടാക്സിഡ്രൈവർ അസ്വസ്ഥനായിരുന്നു. ടാക്സി സ്റ്റാൻഡിൽ എത്തിയപ്പോഴും അയാളുടെ ചിന്തകൾ ആ അമ്മയെക്കുറിച്ച് മാത്രമായിരുന്നു. ആ അമ്മ ഇപ്പോൾ എന്തെടുക്കുകയായിരിക്കും?. മക്കൾ ആരെങ്കിലും വന്നു കാണുമോ? ആരും തുണയില്ലാതെ അവശയായി.......................

   അയാൾ പെട്ടെന്ന് വണ്ടി മുന്നോട്ടെടുത്തു.

   ...........................................................................

   ...........................................................................

   കഥ പൂർത്തിയാക്കാമോ?

2. ‘‘മോനേ, സൂക്ഷിച്ച് പോണേ! ’’

   അമ്മയുടെ വാക്കുകൾ അമൽ പിന്നിൽ നിന്ന് കേട്ടു. ഞാനെത്ര നാളായി സൈക്കിളിൽ സ്ക്കൂളിലേയ്ക്ക് പോകുന്നു. ഈയിടെയായി അമ്മയ്ക്കിതേ പറയാനുള്ളൂ. ഞാനെന്താ കൊച്ചുകുട്ടിയാണോ? ആറാം ക്ലാസ്സിലല്ലേ പഠിക്കുന്നത്? അച്ഛനാണെങ്കിൽ എനിക്ക് ബൈക്ക് വരെ ഓടിക്കാൻ തരാറുള്ളതല്ലേ? സൈക്കിൾ ചവിട്ടുന്നതിനിടയിൽ അവൻ ചിന്തിച്ചു......................................

   ഈ കഥയുടെ ബാക്കി എന്തായിരിക്കും? നിങ്ങളുടെ ഭാവനയ്ക്കനുസരിച്ച് പൂർത്തിയാക്കുക.

3. തൊട്ടടുത്ത ഫാക്ടറിയിൽ നിന്ന് അഞ്ചുമണിയുടെ സൈറൺ മുഴങ്ങി. തുണികൾ അലക്കി വിരിച്ചു കഴിഞ്ഞാൽ വീട്ടിൽ പോകാം. കുട്ടികൾ സ്ക്കൂൾ വിട്ട് കളിയും കഴിഞ്ഞ് വീട്ടിലെത്തിയിട്ടുണ്ടാവും. കുട്ടികൾ വിശന്നിരിക്കുകയായിരുക്കുമോ? ആൺകുട്ടികൾ ആണെങ്കിലും ചായ ഉണ്ടാക്കാനൊക്കെ അവർക്ക് അറിയാവുന്നതല്ലേ? നാളെ കുട്ടികളുടെ അച്ഛൻ വരുമായിരിക്കും. പല ചിന്തകൾക്കിയിൽ അവൾ തുണികൾ അലക്കിത്തീർത്തു.

   ...........................................................................

   ...........................................................................

ഇടവഴി കടന്ന് മുറ്റത്ത് കയറുമ്പോഴും കുട്ടികളുടെ ശബ്ദമൊന്നും കേൾക്കുന്നില്ല. എന്തു പറ്റിയാവോ? അവൾക്ക് പരിഭ്രമമായി. ''അമ്മേ'' എന്ന വിളികേട്ട് അവൾ തിരിഞ്ഞു നോക്കി. കൈയിൽ എന്തോ ഉയർത്തിപ്പിടിച്ചുകൊണ്ട് അവർ ഓടിവരുന്നു.

..........................................................................................................

ഈ കഥയുടെ ബാക്കി ഭാഗം പൂർത്തീകരിക്കുക.

4. ഫ്രാൻസിസ് സാർ ശ്രീരാമന്റെ കഥ എത്ര ഭംഗിയായാണ് പറഞ്ഞു തന്നത്. കാട്ടിൽ പോകേണ്ടി വന്നിട്ടും അച്ഛനെയും അമ്മയെയും രാമൻ എത്രമാത്രം സ്നേഹിക്കുന്നു. നിങ്ങളും രാമനെപ്പോലെയാണോ എന്ന സാറിന്റെ ചോദ്യം കേട്ടപ്പോൾ ഞാനങ്ങ് വല്ലാതായി. ഞാൻ വീട്ടിലെപ്പോഴും ദേഷ്യപ്പെടുന്ന കാര്യമെങ്ങാനും സാർ അറിഞ്ഞിട്ടുണ്ടാവുമോ? വിങ്ങുന്ന മനസ്സുമായി ദീപു വീട്ടിലേക്ക് നടന്നു. അവൻ മനസ്സിൽ ചില തീരുമാനങ്ങൾ എടുത്തു.

..................................................................................................

..................................................................................................

കഥപൂർത്തിയാക്കുക.

5. രഘുവിന്റെ ഇരുപത്തഞ്ചാം പിറന്നാളാണ് ഇന്ന്. ജോലി കിട്ടിയിട്ട് കൃത്യം ഒരു മാസം ആകുന്നതും ഇന്നു തന്നെ. കുളി കഴിഞ്ഞ് ഓഫീസിലേക്ക് പോകുമ്പോൾ അവന്റെ ചിന്തകൾ അമ്മയും അമ്മൂമ്മയുമൊത്തുള്ള കഴിഞ്ഞുപോയ പിറന്നാൾ ദിനങ്ങളെപ്പറ്റിയായിരുന്നു. അമ്മയുടെ കൈകൊണ്ട് ഉണ്ടാക്കിയ പുളിശേരിയുടെയും തോരന്റെയും സ്വാദ് അവൻ ഓർത്തു. അവരൊക്കെയില്ലാത്ത നഗരത്തിലെ ആദ്യ പിറന്നാൾ.

..................................................................................................

..................................................................................................

കഥയുടെ ബാക്കി പൂർത്തിയാക്കുക.

## മേഖല: 5 – പോസ്റ്റർ

1. വൃദ്ധജനങ്ങളെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണ്. ഈ ആശയം കുട്ടികളിലേക്ക് എത്തിക്കുന്നതിന് സാമൂഹ്യക്ഷേമവകുപ്പ് ഒരു പ്രദർശനം സംഘടിപ്പിക്കുന്നു.
   നിങ്ങളുടെ വിദ്യാലയത്തിന് അനുവദിച്ചിരിക്കുന്ന സ്റ്റാളിൽ പ്രദർശിപ്പിക്കാനായി മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

2. മാധവിക്കുട്ടിയുടെ 'അമ്മ' എന്ന കഥ നാടകരൂപത്തിൽ അവതരിപ്പിക്കാൻ സ്ക്കൂൾ നാടക ക്ലബ് തീരുമാനിച്ചു.
   ഇതിന്റെ പ്രചരാണാർത്ഥം മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

3. സ്ക്കൂൾ പരിസരത്ത് വലുതും ചെറുതുമായ അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുട്ടികൾക്കായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ സ്ക്കൂൾ അധികൃതർ തീരുമാനിച്ചു. റോഡ് ട്രാൻസ്പോർട്ട് ഓഫീസറാണ് ക്ലാസ്സുകൾ നയിച്ചത് ലഭിച്ച ആശയങ്ങൾ ഉൾപ്പെടുത്തി സ്ക്കൂൾ പരിസരത്ത് പോസ്റ്ററുകൾ സ്ഥാപിക്കാൻ കുട്ടികളെ അദ്ദേഹം ഉപദേശിച്ചു.
   ഈ വിഷയത്തിൽ മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

4. കൃത്രിമമായതും മായം കലർന്നതുമായ ഭക്ഷണപദാർത്ഥങ്ങൾ ഇന്ന് ഗ്രാമങ്ങളിൽ പോലും സുലഭമായി ലഭിക്കുന്നു. ഇത് കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഭരണസമിതി കേരളത്തിലെ തനത് ഭക്ഷണ രീതി വ്യാപിപ്പിക്കാൻ നിരവധി പ്രവർത്തനങ്ങൾ ആവിഷകരിച്ച് നടപ്പിലാക്കി.
   ഇതിന്റെ പ്രചരണത്തിനായി വ്യത്യസ്ത രീതിയിലുള്ള മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

5. ഇന്ന് ടെലിവിഷന്റെയും മൊബൈൽ ഫോണിന്റേയും അമിത ഉപയോഗം കുട്ടികളിൽ ശാരീരികവും മാനസികവുമായ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇത് തിരിച്ചറിഞ്ഞ മാന്തോപ്പ് സ്ക്കൂളിലെ വിദ്യാർത്ഥികൾ ഇതിനെതിരെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. പി.ടി.എ. പൊതുയോഗദിനത്തിൽ നടത്തേണ്ട പ്രചാരണത്തിനായി മൂന്ന് പോസ്റ്ററുകൾ തയ്യാറാക്കുക.

# സർവ്വ ശിക്ഷാ അഭിയാൻ കേരളം

## നിരന്തര മൂല്യനിർണയം - യൂണിറ്റ് ടെസ്റ്റ്

### ഗ്രേഡിംഗ് സൂചകങ്ങൾ

ക്ലാസ്സ്: VI　　　　　　　　　　　　　　　　വിഷയം: മലയാളം

അടിസ്ഥാനപാഠാവലി

**1. ലഘു ഉപന്യാസം**

- ○ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സമഗ്രത
- ○ ഘടന (ശീർഷകം, ആമുഖം, ആശയങ്ങൾ യുക്തി പൂർവ്വമായും പൂർവ്വാപര ബന്ധത്തോടെയുള്ള അവതരണം, ഖണ്ഡികാകരണം, ഉപസംഹാരം)
- ○ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുകയും യുക്തിപൂർവ്വം സ്വാഭിപ്രായം കൂട്ടിച്ചേർത്ത് അവതരിപ്പിക്കുകയും ചെയ്യുന്നു.

**2. പത്രവാർത്ത**

- ○ ഉള്ളടക്കത്തിന്റെ സാരാംശവും ഊന്നലും സൂചിപ്പിക്കുന്നതും അതിലേക്കു ശ്രദ്ധയാകർഷിക്കുന്നതുമായ ശീർഷകം
- ○ സംഭവത്തിന്റെ / പ്രശ്നത്തിന്റെ കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിൽ അവസാനിക്കുന്ന ഘടന.
- ○ വസ്തുനിഷ്ഠമായ പ്രതിപാദന രീതി.

**3. അനുഭവക്കുറിപ്പ്**

- ○ വായനക്കാരിൽ വൈകാരികമായി എത്തിക്കാൻ പര്യാപ്തമായ ആശയങ്ങൾ തെരഞ്ഞെടുത്തു അവതരിപ്പിക്കുന്നു.
- ○ ശ്രദ്ധയാകർഷിക്കും വിധമുള്ള അവതരണവും ശൈലിയും
- ○ വസ്തുക്കളുടെയും സ്വന്തം വികാര വിചാരങ്ങളുടെയും ഉചിതമായ ചേർച്ചയിലൂടെ സത്യസന്ധമായ അവതരണം.

**4. സർഗ്ഗാത്മക രചന / കഥ**

- ○ കഥാപാത്രസൃഷ്ടി, കഥാവസ്തു (കഥയിലെ ആശയം ഭാവനാത്മകമായി അവതരിപ്പിക്കണം)
- ○ ഭാവനാപൂർണ്ണമായ രചന
- ○ ജിജ്ഞാസ ജനിപ്പിക്കുവാൻ കഴിയുന്ന രചന ശൈലി

- ആഖ്യാന രീതിയിലെ ആകർഷകത്വം ( ആകർഷകമായ തുടക്കം, സ്വാഭാവികമായ വളർച്ച, ഒടുക്കം, പ്രയോഗഭംഗി)
- കഥയുടെ ഉള്ളടക്കം / ഭാവം പ്രതിഫലിപ്പിക്കുന്ന ശീർഷകം

## 5. പോസ്റ്റർ

- പ്രശ്നവുമായി / ഉദ്ദേശ്യവുമായി ബന്ധപ്പെട്ട ആശയം വ്യക്തമാക്കുന്ന ചിത്രീകരണം / മുഖ്യവാചകം.
- സംക്ഷിപ്തവും ആകർഷണീയവുമായ ഭാഷ
- പ്രവർത്തനത്തിന്റെ സ്ഥലം, സമയം, സൂചനകൾ (പോസ്റ്ററിന്റെ സ്വഭാവമനുസരിച്ച്)
- ആകർഷകമായ വിന്യാസം (ലേഔട്ട്)